Talented Bankers Literary Panel
പുസ്തക പരിചയം 131

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
കഞ്ഞികുഴി (ആലപ്പുഴ) ശാഖ.

അക്ബറോവ്സക്കി (കവിതകൾ)
അക്ബർ

അക്ബർ തീർത്തൊരാ മാല,
നാല്പതു മുത്തുള്ള മാല,
വാങ്ങിയണിഞ്ഞു ഞാൻ ദൈവേ,
കല്ലുമാലകളായിരുന്നതു പൊന്നേ!'

അതെ 40 കവിതകൾ ഉള്ള ഈ കവിതാസമാഹാരത്തിൽ കഷ്ടിച്ച് 12 കവിതകൾക്ക് മാത്രമാണ് പാരായണ ക്ഷമതയുള്ളത്.
പക്ഷേ ഉള്ളതെല്ലാം ഒന്നിനൊന്നു മികച്ചവ തന്നെ.
'ഞാൻ പാകിസ്ഥാനിലേക്ക് പോകാ'മെന്ന സമകാലീന കവിത മുതൽ,
ദേശീയപാതക്ക്  ഓടിപ്പിഴക്കാൻ സ്വന്തം സങ്കടസ്ഥലം കൊടുക്കുന്ന 'ഇടം' മുതൽ ,
ബസ്സു നിറയെ പാട്ടുമായി മലകയറി പോയി,
ഇലകളായി ജീവിക്കേണ്ടിവന്ന പൂവായി
മുള്ളുവേലിക്കുള്ളിലെ സുഖകരമായ ജീവിതം ആയി
അതവസാനിക്കുന്നു.
'ശവങ്ങൾ ഉണരുന്നു, പടക്കവും അമിട്ടുമായി പൊട്ടിത്തെറിച്ചു കൊണ്ട്" എന്ന വരികളിലൂടെ മോഹിപ്പിക്കുകയും ചെയ്യുന്നു!
നേര്യമംഗലത്തിൻറെ സ്വന്തം കഥാകാരനായി, 'ഞാനൊരു കൊള്ളസംഘം ഉണ്ടാക്കുമെ'ന്ന് പടച്ചോനെ വെല്ലുവിളിക്കുകയും ചെയ്യുന്നു!
ലോകമേ എന്റെ ആത്മാവിഷ്കാരമേ, അക്ബർ അക്ഷരങ്ങളോട് ചെയ്തത് എന്തെന്ന് എനിക്ക് കാട്ടി തരേണമേ!
പിൻകുറിപ്പ്: പുസ്തകത്തെക്കാൾ അവതാരിക മികച്ചതാകുന്ന മാജിക്കും ഇവിടെ കാണാം. അതെ, സച്ചിദാനന്ദൻ പുഴങ്കരയുടെ കിടയറ്റ അവതാരിക്കവിത !

പപ്പാത്തി പുസ്തകങ്ങൾ ആണ് പ്രസാധകർ
വില - Rs.100/